പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2918** **10.03.2017-ൽ മറുപടിയ്ക്ക്**

## കരമന-വെള്ളറട റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.ബി. സതീഷ്:** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) എസ്.ആർ.ഐ.പി-യുടെ ഭാഗമായി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദീകരിക്കുമോ; | (എ) SRIP പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി കരമന – വെള്ളറട റോഡ് സ്ഥലം ഏറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന് DPR തയ്യാറാക്കുകയും, അതിൻപ്രകാരം 15.02.2016-ലെ സ.ഉ.(ആർ.റ്റി) നം.355/2016/പൊ.മ.വ. ഉത്തരവ് പ്രകാരം ടി റോഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി 5054-04-337-80-NV എന്ന ബജറ്റ് ഹെഡിൽ നിന്നും 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ തഹസീൽദാർ (എൽ.എ), എൻ.എച്ചിനെ ചുമതലപ്പെടുത്തി -ക്കൊണ്ട് ജില്ലാ കളക്ടർ 04.07.2016-ൽ ഉത്തരവായിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കലിന് പൊന്നുംവില നടപടികൾ ആരംഭിക്കുന്നതിന് സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും 28.12.2016-ന് സ്ഥല പരിശോധന ആരംഭിക്കുകയും ചെയ്തു. തുടർന്ന് ടി റോഡ് വികസനത്തിനായി 6(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതിന് വേണ്ടി തിരുമല, ശാസ്തമംഗലം, തൈയ്ക്കാട് |

വില്ലേജുകളിലെ റീസർവ്വേ നമ്പരുകൾ പരിശോധിക്കുന്നതിനുള്ള സംയുക്ത സർവ്വേ നടന്നു വരുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനു ശേഷം ഭരണാനുമതി നൽകി തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

**(ബി)** 15.2.2016-ൽ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടിയെക്കുറിച്ച് വിശദമാക്കുമോ?

**(ബി)** റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനു ശേഷം ഭരണാനുമതി നൽകി തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ